

INDIAN CATHOLIC COMMUNITY
Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 06991196677 1
ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



ICC Bulletin Vol. 10. 2 www.iccvienna.org June, July, August: 2015

# Message of the Chaplain

‘‘മാതാ–പിതാ–ഗുരു–ദൈവം’’. അതിസമ്പന്നമായ ഒരു ആത്മീയ സംസ്ക്കാരത്തിന്റെ അടിത്തറയാണത്. സൃഷ്ടാവായ ദൈവം യേശുവിലൂടെ സാദ്ധ്യമാക്കിയ ദൈവ–മനുഷ്യ സംയോഗ(Communion)ത്തിന്റെ ഊർജ്ജവും, ശക്തിയും, ആവോളം സ്വീകരിച്ച് ജീവിതത്തെ അനശ്വരവും, ഫലദായകവും, ആനന്ദകരവും ആക്കുവാൻ തിരുസ്സഭ നമ്മെ നിരന്തരമായി ക്ഷണിക്കുന്നു. നിത്യജീവൻ നമുക്ക് നൽകുന്ന യേശുവിന്റെ കരുണാർദ്രമായ സ്നേഹവും സാന്നിദ്ധ്യവും സാമിപ്യവും നമുക്ക് സാദ്ധ്യമാക്കിത്തരുന്ന നമ്മുടെ മാതാപിതാക്കളേയും ആത്മീയ ഗുരുക്കന്മാരെയും നന്ദിയോടെ ഓർക്കുവാൻ നമുക്ക് ലഭിച്ച അസുലഭ അവസരമായിരുന്നു, മാതൃദിനവും, പിതൃദിനവും, ഇടയദിനവും, സഹായകദിനവും (പന്തക്കുസ്ത). നമ്മുടെ പൈതൃക വിശ്വാസത്തിന്റെ തായ്‌വേരായ ഈ കൂട്ടായ്മയുടെ ബലിഷ്ഠമായ അടിത്തറയിന്മേൽ നമ്മുടേയും നമ്മുടെ തലമുറകളുടെയും ഭാവിയും, കുടുംബവും, ഇടവകയും അസ്ഥിവാരമിട്ടുറപ്പിക്കുവാനും അവയുടെ വരങ്ങളും, ഫലങ്ങളും അനുഭവിക്കാനുമുള്ള ഭാഗ്യം നമുക്കും വിയന്നയിലെ സകല പ്രവാസി മലയാളികൾക്കും ദൈവം നൽകട്ടെ. ഇത് സാദ്ധ്യമാക്കുവാനുള്ള ഉദ്യമത്തിൽ സജീവമായി പങ്കുചേരുവാൻ ഇവിടത്തെ സകല മലയാളി സുഹൃത്തുക്കളേയും ക്ഷണിക്കുന്നു.

വളരെയേറെ ശ്രമകരമായ ഈ ദൗത്യം ഏറ്റെടുക്കുവാൻ മാതാപിതാക്കൾ ചങ്കുറപ്പോടും, ഇച്ഛാശക്തിയോടും, ആത്മാഭിഷേക ചൈതന്യത്തോടും കൂടെ മുമ്പോട്ട് വരാൻ മടിക്കരുത്. ഇത് നമ്മുടെ പൈതൃക വിശ്വാസ സംസ്ക്കാരത്തിന്റെ അതിജീവനത്തിന്(survival) അത്യന്താപേക്ഷിതമാണ്. മാതാപിതാക്കളും ആത്മീയ ഗുരുക്കളും ജീവനും, ജീവിതവും നൽകി സമ്പന്നമാക്കുന്ന നമ്മുടെ അസ്തിത്വ സംസ്ക്കാരത്തിന്റെ സാമിപ്യവും തനിമയും ആത്മബന്ധവും നഷ്ടപ്പെടാതെ കരുതലോടെ ജീവിക്കുന്നവരെ അവർക്ക് നൽകിയിരിക്കുന്ന സഹായകനായ പരിശുദ്ധാത്മാവിലൂടെ കർത്താവ് നിരന്തരമായി ഓർമ്മിപ്പിക്കുന്നു: ഭയപ്പെടേണ്ടാ, ഞാൻ നിന്റെ കൂടെയുണ്ട്. എന്നിൽ വിശ്വസിക്കുന്നവൻ, മരിക്കില്ല. എന്നെ സ്നേഹിക്കുന്നവൻ ഞാനുമായി ഒന്നായിത്തീരും. അവന്റെ ഹൃദയത്തിൽനിന്ന് ജീവന്റെ നീരുറവ പ്രവഹിക്കും. കൃപയുടെ ഈ വറ്റാത്ത ഉറവകൾ ഉള്ളിൽ വഹിക്കുന്നവരാകാം നമുക്കെല്ലാവർക്കും. പിതൃവാത്സല്യത്തോടെ ഫ്രാൻസീസ് മാർപ്പാപ്പ അപ്പന്മാർക്ക് നൽകുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക:

***ഒരു നല്ല പിതാവ്/പപ്പാ ആകുവാൻ ഏഴു കാര്യങ്ങൾ:***

1) മക്കൾ തന്നെപ്പോലെതന്നെ ആകണമെന്ന് വാശി പിടിക്കരുത്. അവരിൽ വിവേകവും, സ്വാതന്ത്ര്യവും, സ്നേഹവും അനുഭവമാക്കണം.

2) പ്രതിരോധത്തിനും, സങ്കീർണ്ണതകൾക്കും പകരം ദൃഢചിത്തതയും, കാഴ്ചപ്പാടിന്റെ വ്യക്തതയും, ദൗർബല്യത്തെ അതിജീവിക്കുന്ന ഉറപ്പും പ്രകടനമാക്കണം.

3) അപ്പൻ അമ്മയ്ക്കും മക്കൾക്കും സമീപസ്ഥനാകണം. സന്തോഷവും സന്താപവും പ്രത്യാശയും പ്രതിസന്ധികളും എല്ലാം പങ്കുവയ്ക്കണം. മക്കളുടെ വളർച്ചയിൽ അവരോടു് ചേർന്നു നിൽക്കണം. മക്കൾ ഉല്ലസിക്കുമ്പോൾ, വിഷമിക്കുമ്പോൾ, ദു:ഖിക്കുമ്പോൾ, സംസാരിക്കുമ്പോൾ, നിശബ്ദരാകുമ്പോൾ, നന്മയിലേയ്ക്ക് തിരിച്ചുവരുമ്പോൾ കൂടെ നിൽക്കണം.

4) പിതാവിന്റെ സാന്നിദ്ധ്യം നിയന്ത്രണത്തിന്റേതല്ല. അമിത നിയന്ത്രണം പരിപോഷിപ്പിക്കലല്ല, അകലങ്ങളിൽ ഉപേക്ഷിക്കലാണ്.

5) ഒരു നല്ല പിതാവ് ശാന്തശീലനായിരിക്കും. ധൂർത്ത പുത്രന്റെ പിതാവിനേപ്പോലെ വിട്ടുപോയ മകനുവേണ്ടി ആർദ്രതയോടെ കാത്തിരിക്കുക, പ്രാർത്ഥിക്കുക, ക്ഷമയോടെ, ദയാവായ്പോടെ, വീട്ടുവാതിൽക്കൽ കാത്തിരിക്കണം.

6) മക്കളെ അവഹേളിക്കാതെ മാപ്പ് കൊടുക്കുക. പീഡിപ്പിക്കാതെ തിരുത്തുക.

7) സ്വർഗ്ഗസ്ഥനായ പിതാവിന്റെ കൃപയിൽനിന്നും ശക്തി പ്രാപിക്കുക. അതില്ലെങ്കിൽ തളർന്നുപോകും. താവളം നഷ്ടപ്പെടും. കുടുബത്തിന്റെ തായ്‌വേരും ക്ഷയിക്കും.

ഒരു നല്ല അമ്മ ആകുവാൻ ഒരൊറ്റക്കാര്യം മാത്രം മതി: ഒരു സ്ത്രീയുടെ മാതൃഭാവം ശാക്തീകരിക്കപ്പെടുക. മാതൃത്വത്തിലൂടെ അവൾ ദൈവകൃപയും നന്മകളും നിറഞ്ഞ് അനുഗ്രഹിതയാകും. അവളുടെ മക്കളെ ഉത്തമരായ പൗരന്മാരും, ദൈവമക്കളുമാക്കുവാൻ അതുമതി. കുഞ്ഞിന് ചോരയും നീരും നൽകി മാതൃത്വത്തിലൂടെ അനുഗ്രഹിക്കപ്പെടുന്ന, സൃഷ്ടാവായ ദൈവത്തിന്റെ വാത്സല്യവും, ചൂടും, കരുതലും, ആത്മീയ ഉൾക്കഴ്ചയുമുള്ള പഴയ അമ്മമാർ ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെ തായ്‌വേരും കുടുംബജീവിതത്തിന്റെ ഭദ്രതയും, യുവതലമുറയുടെ കുടുംബബന്ധങ്ങളും തകർന്നുകൊണ്ടിരിക്കുന്ന നമ്മുടെ ഈ പ്രവാസ ജീവിത സാഹചര്യങ്ങളിൽ മാതൃത്വത്തിന്റെ കൃപാശക്തിയുള്ള അനുഗ്രഹീതരായ അമ്മമാരെ നൽകി ദൈവം യൂറോപ്പിലെ സഭയേയും, സമൂഹത്തെയും രക്ഷിക്കട്ടെ.

പ്രബുദ്ധരായ മാതാപിതാക്കൾ തങ്ങളുടെ സ്വന്തം മക്കൾക്കും പേരക്കിടാങ്ങൾക്കും മാത്രമല്ല പിൻതലമുറകൾക്കും പൈതൃക വിശ്വാസത്തിന്റെ ഊർജ്ജവും കുടുംബ ബന്ധങ്ങളുടെ മഹത്ത്വവും സാംസ്ക്കാരിക തനിമയും ലഭ്യമാക്കുവാൻ ജീവിത സമർപ്പണം നടത്തുവാൻ തയ്യാറാകുന്ന അനുഗ്രഹീതരായ മാതാപിതാക്കളുള്ള കുടുംബങ്ങളുടെ കൂട്ടായ്മയായിത്തീരട്ടെ വിയന്നായിലെ നമ്മുടെ മലയാളി കത്തോലിക്കാസമൂഹം. നമുക്കെല്ലാവർക്കും ഈശ്വരാനുഗ്രഹം സമൃദ്ധമായി ലഭിക്കുമാറാകട്ടെ.

**പ്രത്യേകം ശ്രദ്ധിക്കുക 97%** പൌരസ്ത്യ സഭാപാരമ്പര്യത്തിന്റേയും, പൈതൃക വിശ്വാസത്തിന്റേയും സമ്പത്ത് നമുക്ക് നഷ്ടപ്പെടാതിരിക്കാനും നമ്മുടെ തലമുറകൾക്ക് അവയെ അഭംഗുരം പകർന്നുകൊടുക്കാനും സഹായകമായ അവിഭക്തമായ ഒരു മലയാളി പ്രവാസി കത്തോലിക്കാ ഇടവകസമൂഹം നമുക്ക് അത്യാവശ്യമാണ്. ഒട്ടേറെ ലോക്കൽ ഇടവകകളുടെ ഭാഗമായി ചെറു സമൂഹങ്ങളായി ഭിന്നിച്ച് ക്ഷയിക്കാനും, നശിക്കാനും ഉള്ള ശിഥിലീകരണ പ്രവണതകളേയും വിഭാഗീയതയിലേക്ക് നയിക്കുന്ന പ്രൈവറ്റ് ഭക്താഭ്യാസങ്ങളേയും കരുതലോടും വിവേകത്തോടുംകൂടെ ഒഴിവാക്കാൻ നമുക്ക് ശ്രമിക്കാം. അതുകൊണ്ട് നമ്മുടെ മലയാളി ഇടവകസെന്ററുകളായ Maria Lourdes, Stadlau Kapelle, Breitenfeld എന്നീ കേന്ദ്രങ്ങളെ മാത്രം നമ്മുടെ സ്ഥിരമായ കൂദാശാകേന്ദ്രങ്ങളായി ആവശ്യംപോലെ ഉപയോഗിക്കുവാനും മറ്റ് പള്ളികളും, പ്രാർത്ഥനയൂണിറ്റുകളും റഗുലറായി മിനി ഇടവകകളാക്കി നമ്മുടെ കൗദാശിക കൂട്ടായ്മയെ ശിഥിലമാക്കരുതെന്ന് വീണ്ടും, വീണ്ടും, വീണ്ടും വിനീതമായി അപേക്ഷിക്കുന്നു.

**നമ്മുടെ ഇടവകത്തിരുനാൾ**: ക്രിസ്സ്മസ്സും, ഈസ്റ്ററും കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട ആഘോഷമാണ് നമ്മുടെ ഇടവകത്തിരുനാൾ. നമ്മുടെ പൈതൃക വിശ്വാസത്തിന്റെ ആചാര്യനായ വിശുദ്ധ തോമാശ്ലീഹായുടേയും, ആ പിതാവിന്റെ ആത്മീയ മക്കളും നമ്മുടെ സഹോദരങ്ങളുമായ വിശുദ്ധ അൽഫോൻസാമ്മയുടേയും, വിശുദ്ധ ചാവറയച്ചന്റേയും, വിശുദ്ധ എവുപ്രേസ്യമ്മയുടേയും ഓർമ്മത്തിരുനാൾ ലൂർദ്ദ് മാതാവിനോടുകൂടി സംയുക്തമായി അതീവസന്തോത്തോടെ ഈ മാസം 21ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിമുതൽ നമ്മുടെ ഇടവകകേന്ദ്രമായ മരിയ ലൂർദ്ദ് പള്ളിയിൽ ആഘോഷിക്കുവാൻ എല്ലാ മലയാളികളേയും, കുടുംബങ്ങളേയും, നമ്മുടെ എല്ലാ സുഹൃത്തുക്കളേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

നമ്മുടെ ഓരോ കുടുംബത്തിൽനിന്നും ഈ വിശുദ്ധർക്കായി നമുക്ക് സ്നേഹവായ്പ്പോടെ പകർന്ന് കൊടുക്കാനും അവരുടെ അദൃശ്യമായ കരങ്ങളിലൂടെ വിളമ്പിത്തരുന്ന നേർച്ചഭക്ഷണം സ്വീകരിക്കുവാനും നിങ്ങൾക്ക് ഇഷ്ടമുള്ള വിഭവങ്ങൾ തയ്യാറാക്കിക്കൊണ്ടുവരുമല്ലോ.

Please note the time schedule of the celebrations on 21st Sunday 2015 in Maria Lourdes.
**At 15. 00 hrs**. Solemn Concelebration of all the available Malayalee Priests.
**At. 16. 30 hrs**. Procession along the Meidlinger Hauptstraße with the Holy Statues of Our Lady of Lourdes, St. Thomas, St. Alphonsa, St. Chavara Kuriakose Elias and of St. Euprasyamma, to be accompanied by Rt. Rev. Dr. Franz Scharl, the Auxiliary Bishop of the Archdiocese of Vienna.
After the Procession: Nercha blessing by the Bishop and distribution of the Holy Nercha.

ICC Chaplain: P. Thomas Thandappilly CST ICC Assistant Chaplain: P. Joy Plathottathil SVD
*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*